**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3226** **15-02-2024 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് വകുപ്പിന് വേണ്ടി സ്ഥലം നൽകിയവർക്ക് പണം നൽകുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കൊണ്ടോട്ടി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് വേണ്ടി സ്ഥലമേറ്റെടുപ്പ് നടപടികളുമായി ബന്ധപ്പെട്ട ഫയലുകൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (എ) | കൊണ്ടോട്ടി മണ്ഡലത്തിൽ റോഡ് വികസനവുമായി ബന്ധപ്പെട്ട് കൊണ്ടോട്ടി പഴയ കോഴിക്കോട് -പാലക്കാട് റോഡ് വീതികൂട്ടുന്നതിനും ഫറോക് കോളേജ് വാഴക്കാട് ഊർക്കടവിൽ വളവ് നിവർത്തി ബൈപ്പാസ് നിർമ്മിക്കുന്നതിനുമായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസലുകളാണ് നിലവിലുള്ളത്. ഫറോക്ക് കോളേജ് വാഴക്കാട് റോഡിനും പഴയ കോഴിക്കോട് പാലക്കാട് റോഡിനും പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിന് സമർപ്പിച്ച ഫയലുകൾ സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | എളമരം കടവ് പാലത്തിനുവേണ്ടി എളമരം ഭാഗത്ത് സ്ഥലം വിട്ട് നൽകിയവർക്ക് തുക നൽകുന്നതിന് വേണ്ടിയുള്ള ഡി/542/18/പി.ഡബ്ല്യു.ഡി. നമ്പർ ഫയലിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ; | (ബി) | ഡി/542/18/പി.ഡബ്ല്യു.ഡി. ഫയലിൽ ഭരണാനുമതി നൽകിക്കൊണ്ട് GO(Rt)89/2023/PWD തീയതി 31/01/2023 നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | കൊണ്ടോട്ടി ടൗണിൽ പഴയങ്ങാടിയിൽ ഓൾഡ് പാലക്കാട്-കോഴിക്കോട് റോഡിന്റെ പാർശ്വഭാഗം വീതി കൂട്ടുന്നതിന് വേണ്ടി സ്ഥലം വിട്ട് നൽകിയവർക്ക് തുക നൽകുന്നതിന് വേണ്ടിയുള്ള എ2/5097/19/ പി.ഡബ്ല്യു.ഡി. നമ്പർ ഫയലിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ; | (സി) | കൊണ്ടോട്ടി മണ്ഡലത്തിൽ റോഡ് വികസനവുമായി ബന്ധപ്പെട്ട് കൊണ്ടോട്ടി പഴയ കോഴിക്കോട് -പാലക്കാട് റോഡ് വീതികൂട്ടുന്നതിനും ഫറോക് കോളേജ് വാഴക്കാട് ഊർക്കടവിൽ വളവ് നിവർത്തി ബൈപ്പാസ് നിർമ്മിക്കുന്നതിനുമായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസലുകളാണ് നിലവിലുള്ളത്. ഫറോക്ക് കോളേജ് വാഴക്കാട് റോഡിന് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിനും പഴയ കോഴിക്കോട് പാലക്കാട് റോഡിന് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിനും ഉള്ള ഫയലുകൾ സർക്കാരിന്റെ പരിഗണനയിലാണ്.<br><br>പൊതുമരാമത്ത് (എ) വകുപ്പിൽ എ2/5097/19/ പൊമവ എന്ന ഫയൽ നിലവിലില്ല. |
| (ഡി) | വാഴക്കാട്-ഫാറൂഖ് കോളേജ് റോഡിൽ ഊർക്കടവ് വളവ് നിവർത്തുന്നതിനും റോഡ് വികസനത്തിനും സ്ഥലം ഏറ്റെടുക്കുന്നതിന് വേണ്ടിയുള്ള ഭരണാനുമതി | (ഡി) | വാഴക്കാട്-ഫറൂഖ് കോളേജ് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രസ്തുത പ്രവൃത്തിയ്ക്ക് നല്കിയ ഭരണാനുമതി ഉത്തരവ് കാലഹരണപ്പെട്ട സാഹചര്യത്തിൽ |

| | | | |
|---|---|---|---|
| | പുതുക്കുന്നതിനുള്ള പി.ഡബ്ല്യൂ.ഡി./ജി3/59/2018 നമ്പർ ഫയലിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ? | | ഭൂമിയേറ്റെടുക്കലിനും, കുഴിക്കൂറുകളുടെയും, നിർമ്മിതികളുടെയും നഷ്ടപരിഹാരം, പുനരധിവാസം എന്നിവയടക്കം വേണ്ടുന്ന തുകകൾ ഉൾപ്പെടുത്തി പ്രസ്തുത പ്രവൃത്തിയ്ക്കായി DSR 2018 അടിസ്ഥാനമാക്കി തയ്യാറാക്കിയ പുതുക്കിയ ഭരണാനുമതി പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ